

ഗൂപി ഗായിൻ ബാഘാ ബായിൻ എന്ന ചിത്രത്തിലെ ഒരു രംഗം

ചിത്രശാല

**കൽക്കത്ത ഫിലിം കത്ത്**

# പരീക്ഷണങ്ങൾക്കിടയിൽ

## എം. പ്രഭാകരൻ

ചലച്ചിത്രനിർമാണത്തിൽ പല പുതിയ പരീക്ഷണങ്ങളും നടന്നുവരുന്ന ഒരു രംഗമാണ് ബംഗാൾ. എന്നാൽ, പ്രമേയത്തിലോ, സംവിധാനത്തിലോ പറയത്തക്ക പുതുമയൊന്നും ദർശിക്കാൻ കഴിയാത്ത വെറും സാധാരണ ചിത്രങ്ങളും ഇടക്കിടയ്ക്ക് പുറത്തിറങ്ങാറുണ്ട്. എങ്കിലും ആ കൂട്ടത്തിലെ തരക്കേടില്ലാത്ത രണ്ടു ചിത്രങ്ങളാണ് ഈ ഫെബ്രുവരിമാസത്തിൽ പുറത്തിറക്കിയ ദുരന്തചരാ'യും നതൂൺപത്ത'യും.

**ദുരന്തചരായ്**

യൗവനാരംഭത്തിൽ ചെയ്ത ഒരു തെറ്റുമൂലം അനവധി കാലം അവിവാഹിതയായി കഴിയേണ്ടിവന്ന സുന്ദരിയായ ഒരു യുവതിയുടെ കഥയാണ് ദുരന്തചരായ്. സമരേഷ്ബോസിന്റെ ഈ കഥയ്ക്ക് ചലച്ചിത്രരൂപം നൽകിയ ജഗനാഥചാറ്റർജി ഒരു സംവിധായകനെന്ന നിലയ്ക്ക് ഈ ചിത്രത്തിന്റെ കാര്യത്തിൽ തികച്ചും അഭിനന്ദനമർഹിക്കുന്നുണ്ടെന്ന് പറയുവാൻ വയ്യ.

പഠിക്കുന്നകാലത്ത് ബിനു തന്റെ ആരാധകരിലൊരാളുടെ ദൗർബല്യത്തിനു വഴങ്ങിക്കൊടുക്കുക മൂലം തന്റെ ജീവിതത്തിന് ഒരു തീരാക്കളങ്കം വരുത്തിവച്ചു. ഇതുമൂലം അവൾക്കു വന്ന പലേ നല്ല വിവാഹാലോചനകളും അലസിപ്പോവുകയുണ്ടായി. വേദന വിഴുങ്ങി നിശ്ശബ്ദമായി നാളുകൾ നീക്കുന്നതിനിടയിൽ അവളുടെ യുവത്വത്തിന്റെ ചൈത്യനം മെല്ലെ മെല്ലെ വാർന്നുപോയിരുന്നു. അവസാനം ഒരു പൂജക്കാലത്തു നിർഭാഗ്യവതിയായ ആ പെൺകുട്ടിയെ അവളുടെ അനുജൻ ഒരു സുഖവാസസ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി അവിടെ അയാളോടൊപ്പം ഒഴിവുകാലം കഴിക്കുവാനെത്തിയ സുഹൃത്ത് അനാദിക്ക് അവളെ തന്റെ ഇളയ സഹോദരിയെന്ന നിലയ്ക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നു. അനാദിയോടൊപ്പം അയാളുടെ സഹോദരിയും അവരോടൊന്നിച്ചുണ്ടായിരുന്നു.

സുന്ദരമായ ആ സുഖവാസകേന്ദ്രത്തിൽ അവർ പല മനുഷ്യരേയും കണ്ടുമുട്ടുകയുണ്ടായി. ഒഴിവുകാലങ്ങളിൽ നേരത്തെ അവിടെ എത്തിച്ചേരാറുള്ള ചിത്രകാരനായ റിട്ടയർഡ് ഐ.സി.എസ്. ഉദ്യോഗസ്ഥൻ, ഒരു പ്രൊഫസർ, അങ്ങനെ പലരും. എന്നാൽ ജീവിതത്തെ വളരെ ലാഘവബുദ്ധിയോടെ വീക്ഷിച്ചു സദാസമയം തമാശയും കളിയുമായി അവിടെ താമസിക്കുന്ന അലോക് എന്ന ചെറുപ്പക്കാരനാണ് ബിനുവിന്റെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചത്. അയാളെ കാണുമ്പോഴും അയാളുമായി സംസാരിക്കുമ്പോഴും മാത്രമാണ് അവൾക്ക് ജീവിതത്തോട് പ്രതിപത്തി തോന്നിയിരുന്നത്.

അനാദിയും സഹോദരിയും എത്തിച്ചേർന്ന മുതൽക്ക് ആ സുഖവാസകേന്ദ്രം പ്രേമബദ്ധരായ നാലു കാമുകികാമുകന്മാരുടെ വിവാഹരംഗമായി മാറുകയാണ്. ഒരുദിവസം ബിനുവിന്റെ സഹോദരൻ അയാളുടെ കാമുകിയോട് (അനാദിയുടെ സഹോദരിയോട്) ബിനു തന്റെ മൂത്ത സഹോദരിയാണെന്നുള്ള സത്യം തുറന്നു പറയുന്നതോടെ അന്തരീക്ഷം ആകെ മാറുന്നു. അനാദി ബിനുവിനെ ഉപേക്ഷിച്ചു. അടുത്തദിവസം തന്നെ അവിടം വിടാൻ തീർച്ചയാക്കുന്നു. പക്ഷേ, പിന്നീട് ബിനുവിന്റെ ജീവിതത്തോട് സഹതാപം തോന്നിയിട്ടോ എന്തോ, അടുത്ത പ്രഭാതത്തിൽ അയാൾ അവളെ സ്വീകരിക്കാൻ തയാറായിവരുമ്പോഴേയ്ക്കും, അവൾ അലോകിന്റെ കൂടെ പോകാനൊരുങ്ങി കഴിഞ്ഞിരുന്നു.

അവിശ്വസനീയമായ പല രംഗങ്ങളും ഈ കഥയിലുണ്ട്. മൂത്ത സഹോദരിയെ എങ്ങിനെയെങ്കിലും വിവാഹിതയാക്കണമെന്ന ഉദ്ദേശത്തോടെ അനുജത്തിയായി പരിചയപ്പെടുത്തുന്നതും, ബിനുവിന്റെ സഹോദരനും അനാദിയുടെ സഹോദരിയും കണ്ടമാത്രയിൽ പെട്ടെന്ന് പ്രേമബദ്ധരായിത്തീരുന്നതും അതിനെ തുടർ

 

ദുരന്ത ചരായിലെ രണ്ടു രംഗങ്ങൾ – മാധവി മുക്കർജി, സോമൻ ചാറ്റർജി, ദിലീപ് റോയ്, സബിത ചാറ്റർജി, ബികാശ് റോയ്

ന്നുള്ള അവരുടെ മനംമടുപ്പിക്കുന്ന പ്രേമപ്രകടനങ്ങളും, സംയമനദീക്ഷിതമല്ലാത്ത അലോകിന്റെ അമിതാഭിനയവും എല്ലാം സാധാരണ ഇന്ത്യൻ ചിത്രങ്ങളിൽ കാണുന്നതുതന്നെ.

ഈ ചിത്രത്തിന്റെ ഏതെങ്കിലും അംശങ്ങൾ പ്രേക്ഷകരെ ആകർഷിക്കുന്നുണ്ടെങ്കിൽ അതു ബിനുവായി പ്രത്യക്ഷപ്പെടുന്ന മാധവി മുക്കർജിയുടെ കഴിവുറ്റ അഭിനയവും, ജലാശയങ്ങലും അരുവികളും പാറക്കെട്ടുകളുമുള്ള മനോഹരമായ ഒരു സുഖവാസകേന്ദ്രത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രകൃതിദൃശ്യങ്ങൾ സമർത്ഥമായി പകർത്തിക്കാട്ടുന്ന ഛായാഗ്രഹണവുമാണ്. ആദ്യമാദ്യം പാകത വന്ന ഒരു ചെറുപ്പക്കാരനായും പിന്നീട് വിഡ്ഢിയായ ഒരു കാമുകനായും പ്രത്യക്ഷപ്പെടുന്ന ദിലീപ്റായ് വിജയിക്കാത്ത ഒരു കഥാപാത്രമാണ്. ബംഗാളിലെ പ്രശസ്തനടനായ ബികാശ്റായിക്കും ഹാസ്യനടനായ ജഹർറായിക്കും തങ്ങളുടെ ചെറിയ റോളുകൾ അനായാസേന വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അനാദിയുടെ അനുജത്തിയായി അഭിനയിക്കുന്ന സബിത (ബോംബെസ്റ്റാർ) ചില മൂന്നാന്തരം ഹിന്ദിഫിലിമുകളിൽ കാണുന്ന സെക്സ് ബോമ്പി'ന്റെ മറ്റൊരു പതിപ്പുതന്നെ.

നതൂൺ പത്തയിൽ ആരതി ഗാംഗുലി



### നതുൺ പത്ത

പല പ്രാവശ്യം ബംഗാളി ചിത്രങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള ഒരു പ്രമേയമാണ് ബാലികാവധുക്കളുടെ ജീവിതം. തപൻസിഹയുടെ അതിഥി, സത്യജിത്ത് റായിയുടെ തീൻകന്യ എന്ന ചിത്രസമാഹാരത്തിലെ സമാപ്തി, അടുത്ത കാലത്ത് പുറത്തിറങ്ങിയ 'ബാലികാവധു' എന്നിവയെല്ലാം തന്നെ ഈ പ്രശ്നത്തെ ആവിഷ്കരിച്ചിട്ടുള്ളവയാണ്.

തന്റെ ഗ്രാമത്തിൽ സ്വച്ഛന്ദം വിഹരിച്ചു നടന്നിരുന്ന സാവിത്രിക്ക് വിവാഹത്തിനുശേഷം തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെട്ട പോലെ തോന്നി. ഭർത്താവിന്റെ വീട്ടിലുള്ളവർ അവളെ അടക്കിഭരിക്കാൻ തുടങ്ങിയപ്പോൾ ആ കുസൃതിപ്പെണ്ണ് തന്റെ അച്ഛന്റെ വീട്ടിലേക്ക് ഒളിച്ചോടിപ്പോകുന്നു. എന്നാൽ, കുറച്ചുദിവസങ്ങൾക്കുശേഷം തന്റെ ഭർത്താവ് വീണ്ടും വിവാഹിതനാവാൻ പോകുന്നുവെന്ന വാർത്ത അവളിൽ ചില ചലനങ്ങൾ സൃഷ്ടിക്കാതിരുന്നില്ല. മാത്രമല്ല ഒരു ദിവസം അടുത്തു വിവാഹിതയായ തന്റെ ഒരു സ്നേഹിതയുടെ വീട്ടിൽ ചെന്നപ്പോൾ ആ നവദമ്പതികളുടെ സുന്ദരമായ ദാമ്പ

ത്യജീവിതവും അവളുടെ സ്വഭാവത്തിൽ ഒരു വലിയ മാറ്റം വരുത്തുകയാണ്. സ്നേഹസമ്പന്നനായ അവളുടെ ഭർത്താവിനെ കുറിച്ചുള്ള ഓർമകൾ ആ കൊച്ചു പെൺകുട്ടിയെ കൂടുതൽക്കൂടുതൽ അലട്ടുവാൻ തുടങ്ങിയപ്പോൾ ആരോടും പറയാതെ അവൾ അയാളുടെ അരികിലേക്കു തിരിച്ചു ചെന്നു തന്നെ സ്വീകരിക്കാൻ അപേക്ഷിക്കുന്നു.

പ്രതിഭാബോസിന്റെ ഈ കഥയിൽ യാതൊരു പുതുമയും കാണാൻ കഴിയുകയില്ലെങ്കിലും ഒരു പ്രസിദ്ധക്യാമറാമാനായ ദിനൻ ഗുപ്തയുടെ സംവിധാനവും പ്രഗൽഭമായ ഛായാഗ്രഹണവും ചിത്രത്തെ രക്ഷിച്ചിരിക്കുന്നു. കുസൃതിക്കുടുക്കയായ ഒരു മരംകേറിപ്പെണ്ണിനെ വിവാഹച്ചരടിൽ കെട്ടിനിർത്താൻ ശ്രമിച്ചപ്പോഴുണ്ടായ സംഭവവികാസങ്ങൾ മനോഹരമായ ഗ്രാമജീവിതത്തിന്റെ പശ്ചാത്തലത്തിൽ രസാവഹമായി ചിത്രീകരിക്കുന്നതിൽ ഭാവനാസമ്പന്നമായ ഒരു സംവിധായകന്റെ കൈവിരുതുകൾ ഗുപ്ത പ്രദർശിപ്പിച്ചിട്ടുണ്ടെന്നു പറയണം. എങ്കിലും സാവിത്രിയുടെ വിവാഹത്തിനു മുൻപുള്ള ഗ്രാമീണരംഗങ്ങൾക്ക് സത്യജിത് റേയുടെ പാഥേർ പാഞ്ചാലിയിലെ ദുർഗയുടെ വിഹാരരംഗമായ ഗ്രാമാന്തരീക്ഷവുമായി സാമീപ്യം ദർശിക്കാവുന്നതാണ്. അതുപോലെ തന്നെ വിവാഹാനന്തരം ഭർത്താവിന്റെ വീട്ടിൽ നിന്ന് അച്ഛന്റെ വീട്ടിലേക്കുള്ള സാവിത്രിയുടെ ഒളിച്ചോടിപോക്കും പിന്നീടുള്ള തിരിച്ചുവരലും ഏറെക്കുറെ സമാപ്തിയിലെ മൃൺമയിയുടേതുപോലെ തോന്നും. റേയുടെ അസാധാരണമായ സംവിധാന വൈദഗ്ദ്ധ്യമോ ഭാവനാശക്തിയോ ഇതിൽ കാണാൻ കഴിയുകയില്ലെങ്കിലും ഒരു ദുർബലാനുകരണമെന്ന് പറയാവുന്നതല്ല.

സാവിത്രിയുടെ ഭാഗം തന്റെ കഴിവുറ്റ ഭാവാഭിനയത്താൽ അടിമുടി മനോഹരമാക്കിയ പുതുമുഖം ആരതി ഗാംഗുലിയെ ബങ്കാളിലെ ചലച്ചിത്രവേദിയുടെ വിലയേറിയ ഒരു വാഗ്ദാനമായി കണക്കാമെന്ന് ഈ ചിത്രം കണ്ടവരാരും പറയാതിരിക്കില്ല. സാവിത്രിയുടെ അമ്മയായി അഭിനയിക്കുന്ന കാജൽ ഗുപ്തയാണ് ഇതിലെ എടുത്തു പറയേണ്ട മറ്റൊരു കഥാപാത്രം. സാവിത്രിയുടെ ഭർത്താവിന്റെ ഭാഗമെടുത്ത സമിത്ബഞ്ചു ബങ്കാളിലെ സിനിമാവേദിയിലേക്ക് അടുത്തുകാലത്തു കടന്നുവന്ന ഒരു നടനാണ്. മിഴിവില്ലാത്ത ആ കഥാപാത്രത്തെ കഴിയുന്നേടത്തോളം വിജയിപ്പിക്കാൻ അയാൾ ശ്രമിച്ചിട്ടുണ്ട്. തങ്ങളുടെ കഥാപാത്രങ്ങളോട് കഴിയുന്നതും നീതി പുലർത്താൻ ശ്രമിച്ചിട്ടുള്ളവരാണ് ശിവാറോയ്, ശിപ്രമിത്ര, ഗീതാഡേ, ശംഭുമിത്ര തുടങ്ങിയ ഇതിലെ മറ്റു നടീനടന്മാർ.

ആകപ്പാടെ നോക്കിയാൽ കാണികളെ മുഷിപ്പിക്കാത്ത കാണാൻ കൊള്ളാവുന്ന ഒരു ചിത്രമാണ് നതൂൺപത്ത.

## റായിയുടെ പുതിയ ചിത്രങ്ങൾ

നിർമാണം പൂർത്തിയായി അടുത്തു പ്രദർശിപ്പിക്കാൻ പോകുന്ന സത്യജിത്ത് റേയുടെ പുതിയ ചിത്രമാണ് 'ഗുപി ഗായിൻ ബാഘാ ബായിൻ'. ബർലിനിൽ നടത്തുവാനുദ്ദേശിക്കുന്ന അന്താരാഷ്ട്രീയ ചലച്ചിത്രോത്സവത്തിൽ ഇന്ത്യൻ ചിത്രങ്ങളുടെ കൂട്ടത്തിൽ പ്രത്യേകം ക്ഷണിക്കപ്പെട്ടിട്ടുള്ള ഈ ചിത്രം, ഉത്സവത്തിനു മുമ്പ് ഒരു പ്രത്യേക ടെലിവിഷൻ പരിപാടിയിൽ ബർലിനിൽ പ്രദർശിപ്പിക്കുന്നതായിരിക്കും. ഉപേന്ദ്രകിഷോർ റായിയുടെ കഥയെ അധികരിച്ചു നേപ്പാൽദത്തും ആഷിംദത്തും കൂടി നിർമിച്ച ഈ ചിത്രത്തിൽ പുതുമുഖമായ തപൻ ചാററർജി, ബംഗാളിലെ മററു പ്രശസ്തതാരങ്ങളായ രവിഘോഷ് ജഹർറായ്, സന്തോഷ്ദത്ത്, ഹരദൻമുഖർജി, പരേതനായ പ്രസാദമുഖർജി തുടങ്ങിയവർക്ക് പുറമെ പ്രസിദ്ധ കവിയായ ഹരീന്ദ്രനാഥ ചതോപാദ്ധ്യായയെയും സംഗീതാചാര്യനായ ജയകൃഷ്ണസന്യാലിനെയും കാണാം. അനുപ്കുമാർ ഘോഷാൽ എന്ന ഒരു പുതിയ പിന്നണിഗായകനെ റായി ഈ ചിത്രത്തിൽകൂടി ചലച്ചിത്രവേദിയിലേക്കു കൊണ്ടുവന്നിട്ടുണ്ട്.

'ആരണ്യേർ ദിൻ രാത്രി' എന്ന റായിയുടെ മറെറാരു ചിത്രത്തിന്റെ നിർമാണം കഴിഞ്ഞ കൊല്ലം പ്രസിഡന്റിന്റെ ഏററവും നല്ല ഇന്ത്യൻ ചിത്രത്തിനുള്ള ബഹുമതി ലഭിച്ച ഹാട്ടെ ബസാറിന്റെ നിർമാതാക്കളായ പ്രിയാ ഫിലിംസ് ഏറെറടുത്തിരിക്കുകയാണ്. കുറച്ചുകാലമായി ബംഗാളിലെ സിനിമാരംഗത്തുനിന്ന് ഒഴിഞ്ഞു മാറി നിൽക്കുന്ന പ്രസിദ്ധ നടി കാവേരിബോസ് അടക്കം ഈ ചിത്രത്തിൽ സൗമിത്രാചാററർജി, രവി ഘോഷ്, ശർമിളാ ടാഗൂർ (മിസിസ് പട്ടൌടി), സമിത ബഞ്ചു തുടങ്ങിയ മറ്റു പലരും അഭിനയിക്കുന്നതാണ്. സുനിൽ ഗാംഗുലിയുടെ കഥയെ അധികരിച്ചു നിർമിക്കുന്ന ഈ ചിത്രത്തിന്റെ നിർമാതാക്കളും നേപ്പാൽ ദത്തും അഷിംദത്തുമാണ്. ഈ ചിത്രം ഇക്കൊല്ലം ദുർഗാപൂജയ്ക്ക് പുറത്തിറങ്ങുമെന്നാണ് കരുതുന്നത്.

## ബി.എഫ്.ജെ.എ. അവാർഡുകൾ

ബങ്കാൾ ഫിലിം ജേർണലിസ്റ്റ് അസോസിയേഷന്റെ കഴിഞ്ഞ കൊല്ലത്തെ ഏറ്റവും നല്ല ഇന്ത്യൻ ചലച്ചിത്രത്തിനുള്ള സമ്മാനം തപൻസിൻഹയുടെ 'അപൻജ'ന്ന് കിട്ടിയിരിക്കുന്നു. ഏററവും നല്ല സംവിധായകനുള്ള സമ്മാനം തപൻസിൻഹയ്ക്കും നടീനടന്മാർക്കുള്ള സമ്മാനങ്ങൾ സുപ്രിയാദേവി (ബംഗാളി–തീൻ അദ്ധ്യായ്) വഹീദാ റഹ്മാൻ (ഹിന്ദി–ആദ്മി) ജൂലിക്രിസ്റ്റി (ഇംഗ്ലീഷ്–ഫാർ ഫ്രം ദി മാഡിങ്ങ് ക്രൗഡ്) സൗമിത്രാ ചാറ്റർജി (ബംഗാളി–ഭഗിനി) ദിലീപ്കുമാർ (ഹിന്ദി–സംഘർഷ്) പീററർ ഓടുൾ (ഇംഗ്ലീഷ്–ലോർഡ് ജിം) എന്നിവർക്കുമാണ് ലഭിച്ചിട്ടുള്ളത്.